തല്പരയാണ് ജെമീമ. സംശയനിവൃത്തിക്കുവേണ്ടി പല പക്ഷിപ്രണയികളും ഈ സ്ത്രീയെ സമീപിക്കുന്നു.

വേട്ടപ്പക്ഷികളെ ഉപയോഗിച്ചു നായാട്ടു നടത്തുന്നതിൽ താല്പര്യമുള്ള ബ്രിട്ടീഷുകാരുടെ എണ്ണം ഇപ്പോൾ ആയിരത്തിൽക്കൂടുതലാണത്രേ. എല്ലാ തൊഴിലുകളിലും ഏർപ്പെട്ടവരെ ഇവർക്കിടയിൽ കാണാം. തുറന്ന മൈതാനങ്ങളിൽ, പരന്ന ആകാശത്തിനു കീഴിൽ, നടക്കുന്ന ഈ വിനോദം തീരെ ക്രൂരമല്ലെന്നും, മറിച്ചു സമാധാനപൂർണമാണെന്നും, പക്ഷിവേട്ടക്കാർ കരുതുന്നു. രണ്ടു പക്ഷികൾ തമ്മിലുള്ള സാമർത്ഥ്യമത്സരമാണല്ലോ ഈ വേട്ടയുടെ ഉള്ളടക്കം. പിന്നെ, 'എത്രയോ അധികം നായ്ക്കളേയും കൂട്ടി ഒരു കൊച്ചു കുറുനരിയുടെ പിന്നാലെ പാഞ്ഞു നടക്കുന്ന'തിനേക്കാൾ എത്ര ഭേദമാണ്, ചെറിയ ഒരു പക്ഷിയെ വിട്ട് അതിനേക്കാൾ എത്രയോ വലിയ മററൊരു പക്ഷിയെ ആകാശത്തുനിന്നു പിടിച്ചു താഴെ ഇറക്കിക്കൊണ്ടുവരുന്നത്!

(19 ഒക്ടോബർ, 1986)

# 90. ചൂതുകളി

തെക്കേ അമേരിക്കയിലെ രാജ്യങ്ങളിൽ താരതമ്യേന സമ്പന്നമാണ് വെനെസ്വല. 1980–ൽ അവിടത്തെ ജനങ്ങളുടെ പ്രതിശീർഷവരുമാനം 3630 അമേരിക്കൻ ഡോളർ ആയിരുന്നുവത്രേ. ഇന്ത്യയുടെ സമ്പൽസ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതത്ര മോശമൊന്നുമല്ല. എണ്ണയാണ് വെനെസ്വലയുടെ മുഖ്യ സമ്പത്ത്. എന്നിട്ടും, വൻതോതിൽ വിദേശക്കടം വെനെസ്വലയേയും കുഴയ്ക്കുന്നുണ്ട്. റോമൻ കത്തോലിക്കരാണു ജനങ്ങളിലധികവും. ഒന്നരകോടിയോളം ജനങ്ങളേ ആ രാജ്യത്തുള്ളു.

വെനെസ്വലക്കാരുടെ ചൂതുകളിഭ്രമത്തെപ്പററിയാണ് ഈ ലേഖനം. കോഴിയങ്കത്തിൽ വാതുകെട്ടുക തെക്കേ അമേരിക്കയിൽ പണ്ടുമുതല്ക്കേ നിലവിലിരുന്നു. കോഴിയങ്കം ഇപ്പോഴും വെനെസ്വലയിൽ നടത്തിവരുന്നുണ്ട്. നിയമവിരുദ്ധമായിട്ടാണെന്നുമാത്രം. ഇതോടൊപ്പം കുതിരപ്പന്തയം, ഫുട്ബോൾ മത്സരങ്ങളുടെ ഫലത്തെപ്പററി വാതുകെട്ടൽ (ഫുട്ബോൾ പൂൾ), പണംവെച്ചു ചീട്ടുകളി മുതലായ പാരമ്പര്യസിദ്ധങ്ങളായ ഭാഗ്യപരീക്ഷകളും അവിടെ നിലനിന്നുവരുന്നു. ഈയിടെ പലതരം ലോട്ടറികളും പ്രചാരത്തിൽ വന്നിരിക്കുന്നു. ഇലക്ട്രോണിക് യന്ത്രങ്ങൾ ഉപയോഗിച്ച്, പണംകെട്ടി നടത്തുന്ന സാമർത്ഥ്യപരീക്ഷകളാണ് ഏററവും അടുത്തകാലത്തു ജനശ്രദ്ധ പിടിച്ചെടുത്തിട്ടുള്ള ചൂതുകളിസംവിധാനം.

വെനെസ്വല എന്ന രാജ്യം അങ്ങനെതന്നെ വലിയൊരു 'ചൂതുകളിഗൃഹ' ആയി മാറിക്കൊണ്ടിരിക്കുകയാണെന്ന് അവിടത്തെ ബുദ്ധിജീവികൾക്ക് ആക്ഷേപമുള്ളതായി ജൂൺ 1–ലെ 'ഗ്രാൻമ' പത്രം പറയുന്നു. ഇക്കഴിഞ്ഞ മുപ്പതുവർഷങ്ങൾക്കുള്ളിലാണു ചൂതുകളിയെന്ന ദുർന്നടപടി വെനെസ്വലയിൽ വ്യാപകമായിത്തീർന്നത്. ഇപ്പോൾ പ്രായവ്യത്യാസമോ, സാമ്പത്തികസ്ഥിതിയിലുള്ള വ്യത്യാസമോ ഗണിക്കാതെ എല്ലാ ജനങ്ങളും ചൂതുകളിച്ചു പാപ്പരാവുന്നു. അങ്ങനെ ചൂതുകളി ഒരു ദേശീയ വിപത്തായിത്തീർന്നിരിക്കുന്നു.

ചൂതുകളി ഒരു ദുർന്നടപടി മാത്രമാണോ? അല്ലെന്നും, അതു് ഒരു പൊതുജനാരോഗ്യപ്രശ്നമാണെന്നും സമർത്ഥിച്ച് ഒരു ഗ്രന്ഥം വെനെസ്വലയിലെ ഒരു മനോരോഗവിദഗ്ദ്ധൻ ആയ സെസാർ സാഞ്ചെസ്

ബെല്ലോ എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ചൂതുകളിയുടെ വിപത്തുകളെ സംബന്ധിച്ച ജനങ്ങളെ ഉദ്ബുദ്ധരാക്കേണ്ടതും, അവർക്ക നേർവഴി കാട്ടിക്കൊടുക്കേണ്ടതും, ചൂതുകളിക്ക പകരം നിർദോഷങ്ങളായ വിനോദങ്ങൾ അവക്ക് ഏർപ്പെടുത്തിക്കൊടുക്കേണ്ടതും സർക്കാരിൻെറ ചുമതലയാണെന്ന് ഈ പുസ്തകത്തിൽ സമത്ഥിച്ചിരിക്കുന്നു.

എന്നാൽ, സംഭവിക്കുന്നതെന്താണ്? സാമ്പത്തികമാന്ദ്യം ഉണ്ടാവുമ്പോഴാണ്, ദാരിദ്ര്യം അകററാൻ കഴിഞ്ഞേക്കുമെന്നു കരുതി, ജനങ്ങൾ ലോട്ടറി അടക്കമുള്ള ചൂതുകളികളിൽ പണം മുടക്കുന്നത്. സാമ്പത്തികമാന്ദ്യത്തിനു കാരണമാകട്ടെ, സക്കാരിൻെറ തെററായ നടപടികളാണ്. തങ്ങൾ വരുത്തിവച്ച സാമ്പത്തികമാന്ദ്യത്തിൻഫലമായി ചൂതുകളിഭ്രമം പിടിപെട്ട ജനങ്ങളെ ചൂഷണംചെയ്യുന്നതിനു ലോട്ടറികൾ നടത്തുന്നതും, 'ചൂതുകളിഗ്രഹ'ങ്ങൾക്ക് ലൈസൻസ് നൽകുന്നതും, നേരിട്ടും അല്ലാതെയും ചൂതുകളിയെ പ്രോത്സാഹിപ്പിക്കുന്നതും സർക്കാർതന്നെ! മുമ്പൊക്കെ, റവന്യൂ വർദ്ധിപ്പിക്കാനെന്നും പറഞ്ഞു ലോട്ടറി നടത്തുകയേ സർക്കാർ ചെയ്തിരുന്നുള്ളു. ഇപ്പോഴിപ്പോൾ 'സാമത്ഥ്യക്കളികൾ' (സ്കിൽ ഗെയിംസ്) എന്ന പേരിൽ ഇലക്ട്രോണിക് യന്ത്രങ്ങൾ ഉപയോഗിച്ചുള്ള പലതരം ചൂതുകളികൾക്ക സർക്കാർ സംരക്ഷണം നൽകിവരുന്നു.

സമൂഹത്തിൽ ഉയർന്ന പദവി പുലർത്തുന്നവർ പരസ്യമായി കുതിരപ്പന്തയങ്ങളിൽ വാതുകെട്ടുകയും ലോട്ടറി ടിക്കററുകൾ വാങ്ങുകയുംചെയ്യുന്നു. നിയമാനുസൃതമുള്ള ഭാഗ്യപരീക്ഷണങ്ങളാണിവ. കോഴിയങ്കം, പണംവച്ച ചീട്ടുകളി മുതലായവ നിയമപ്രകാരം നിരോധിക്കപ്പെട്ടവയാണ്. പക്ഷേ, നിയമം ആർ വകവയ്ക്കുന്നു? സ്വകാര്യക്ലബ്ബുകൾ എന്ന പേരിലാണു പല 'ചൂതുകളിഗ്രഹ'കളും നടന്നുവരുന്നത്. ഇവയുടെ സംരക്ഷകരും, വലിയ തോതിൽ ഉപയോക്താക്കളും, സമൂഹത്തിലെ പ്രമാണിമാരാകുന്നു.

ഇവയ്ക്കുപുറമേ, ബെയ്സ് ബാൾ, ടെന്നീസ്, ബില്യാർഡ്സ് മുതലായ എല്ലാത്തരം കളികളുടെയും വിജയപരാജയങ്ങളെച്ചൊല്ലിയും വലിയ തോതിൽ പന്തയംകെട്ടൽ നടന്നുവരുന്നു.

കുതിരപ്പന്തയത്തിൽ പിരിയുന്ന പണത്തിൻെറ അറുപതു ശതമാനം സാമൂഹ്യഭദ്രതയ്ക്കായി ചെലവഴിക്കണമെന്നാണ് വെനെസ്വലയിലെ നിയമം. നിയമം ആരു് നോക്കുന്നു? നിയമവിരുദ്ധങ്ങളായ പന്തയങ്ങൾക്കുകൂടി മുൻസിപ്പൽ അധികൃതർ അവിടെ അനുവാദം നൽകുന്നു.

വെനെസ്വലയിൽ ലോട്ടറി നടത്തുന്നതു സർക്കാരാണ്. അതിലെ ലാഭം പൊതുഖജനാവിലേക്ക ചെല്ലുമെന്നാണു വെപ്പ്. നടക്കുന്നത് അങ്ങനെയൊന്നുമല്ല. 1984—ൽ ലോട്ടറി നടത്തിപ്പിലെ ലാഭത്തിൻെറ നാലരശതമാനത്തിൽ താഴെ മാത്രമേ പൊതുജനോപകാരപ്രദങ്ങളായ നടപടികൾക്ക സർക്കാരിനു ലഭിച്ചുള്ളു. എന്നാൽ, എത്രയോ വലിയ തുകകളാണ് ഈ ലോട്ടറികളിൽ എടുത്തുമറിക്കപ്പെടുന്നത്.

ലോട്ടറിയിൽ സാധാരണ നറുക്കെടുത്തുള്ള ഭാഗ്യപരീക്ഷണത്തിനു പുറമേ, സമ്മാനാർഹമാകുന്ന ടിക്കററിലെ നമ്പറിൻെറ അവസാനത്തെ രണ്ടക്കങ്ങളെ മുൻനിർത്തി ദിവസേന നടത്തിവരുന്ന മറെറാരു പന്തയം കെട്ടലുമുണ്ടത്രേ. ഇതിലാണ് ഏററവുമധികം പണം മറിയുന്നത്. ഈയിനത്തിൽ പലതരം കൈക്കൂലികളും നിലവിലുണ്ട്. 'ഗ്രാൻമ' പത്രത്തിലെ ലേഖനത്തിൽ ഇതു സംബന്ധിച്ച ചേർത്ത പണത്തുകകൾ ഇവിടെ ഉദ്ധരിക്കുന്നില്ല.

കേരളത്തിലെ ലോട്ടറി വകുപ്പിലെ ഒരു ഉദ്യോഗസ്ഥനുമായി അടുത്തകാലത്തു നടത്തിയ ഒരു സംഭാഷണമാണ് ഈ വിഷയത്തിലേക്ക് എൻെറ ശ്രദ്ധ ആകർഷിച്ചതു്. ഇന്ത്യയിൽ ഏററവുമധികം 'ലോട്ടറി

ബോധം' ഉള്ള ജനവിഭാഗം കേരളീയരാണെന്ന് ഈ ഉദ്യോഗസ്ഥൻ എന്നോടു പറഞ്ഞു. കേരളലോട്ടറിയുടെ ടിക്കററുകൾ എഴുപത്തഞ്ചു ശതമാനത്തിലേറെ വില്ക്കുന്നതു് കേരളത്തിനകത്തുതന്നെയാണ്. അതേ സമയം, ഭൂട്ടാൻ, ഹരിയാണ മുതലായ മററു സംസ്ഥാനങ്ങളിലെ ലോട്ടറികളുടെയും എഴുപത്തഞ്ചു ശതമാനത്തോളം ടിക്കററുകൾ കേരളത്തിൽ ചെലവാകുന്നുണ്ടെന്നാണ് അദ്ദേഹത്തിന്റെ അറിവ്. മററു സംസ്ഥാനങ്ങളിൽ നിന്നു വാങ്ങിയ ലോട്ടറിടിക്കററുകളുടെ വിലയായി കേരളത്തിൽനിന്നു മററു സംസ്ഥാനങ്ങളിലേക്ക് ആണ്ടുതോറും ഒഴുകിപ്പോകുന്ന ഭീമമായ തുകയുടെ കണക്ക് ആരെയും ഞെട്ടിപ്പിക്കുമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. കേരളസംസ്ഥാന ലോട്ടറി ടിക്കററുകൾ വ്യാജമായി അച്ചടിപ്പിച്ചു വില്ക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞില്ല. എന്നാൽ, മററു സംസ്ഥാനങ്ങളിലെ ലോട്ടറി ടിക്കററുകളിൽ ഓരോന്നിന്റെയും എട്ടോ, പത്തോ ഡ്യൂപ്പിക്കേററുകൾ (അതായതു് ഒരേ നമ്പറുള്ള എട്ടോ, പത്തോ ടിക്കററുകൾ) ഇന്ത്യയിലെ വ്യത്യസ്തഭാഗങ്ങളിലായി വിററഴിക്കപ്പെടുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സമ്മാനത്തിനു് ഒന്നിലേറെ ആളുകൾ അവകാശം ഉന്നയിക്കുമ്പോൾ മാത്രമേ ഇതൊരു പ്രശ്നമാവുകയുള്ളു. അപൂർവ്വമായി ഇത്തരം പ്രശ്നങ്ങൾ ഉദ്ഭവിക്കാതിരിക്കുന്നുമില്ല. കള്ളപ്പണം വെളിപ്പിച്ചെടുക്കുന്നതിനു് ഇന്ത്യയിലുള്ള ഏററവും എളുപ്പമായ മാർഗമാണ് ലോട്ടറിയെന്ന് അദ്ദേഹം പറയുകയുണ്ടായി. ഇതെങ്ങനെ നടക്കുന്നു എന്ന്, 'ലോട്ടറിത്തട്ടിപ്പ്' എന്ന ഒരു ലേഖനത്തിൽ മുമ്പു ഞാൻ വിവരിച്ചിട്ടുണ്ട്.

ബോംബെയിലെ 'മട്ക'പോലെയുള്ള ചൂതുകളികൾ, കേരളത്തിൽ സംഘടിതമായി നടക്കുന്നില്ലായിരിക്കാം. ആവോ! ആർക്കറിയാം? എന്നാൽ, പണംവച്ചു ചീട്ടുകളിക്കുവേണ്ടി ധനികരും സാമൂഹ്യവിരുദ്ധരും നടത്തുന്ന ക്ലബ്ബുകൾ ഇവിടെ കുറവല്ല. ഇലക്ട്രോണിക് യന്ത്രങ്ങൾ ഉപയോഗിച്ചുള്ള ചൂതുകളികൾ ഏതാനും വർഷങ്ങളായി, തിരുവനന്തപുരംപോലെയുള്ള നഗരങ്ങളിൽ, സ്കൂളുകൾക്കരികെ ചെറിയ തോതിൽ നടന്നുവരുന്നതായി അറിയാം. ഇവ വലിയ 'ചൂതുകളിഗൃഹങ്ങ'ളായി വളരാൻ സാദ്ധ്യതയില്ലാതില്ല.

ലോട്ടറിനടത്തിപ്പിലൂടെ ചൂതുകളിയെ ഇന്ത്യക്കാരുടെ ഒരു ദേശീയ ശീലമാക്കി നാം വളർത്തിക്കഴിഞ്ഞിരിക്കുന്നു. ലോട്ടറി നറുക്കെടുപ്പിൽ പങ്കെടുക്കുക വഴി, മന്ത്രിമാരും ജഡ്ജിമാരും വൈസ്ചാൻസലർമാരും മററും ചൂതുകളിക്കു മാന്യതയുടെ പരിവേഷം ചാർത്തിക്കൊടുത്തിട്ടുമുണ്ട്. വ്യാപകമായ സാമ്പത്തികമാന്ദ്യം നമ്മുടെ നാട്ടിലുണ്ട്. അതു നിമിത്തം നാളെ എന്തുണ്ടാവുമെന്നതിനെച്ചൊല്ലി ജനങ്ങൾ ആശങ്കാകുലരാണ്. അതേസമയം ജനങ്ങളുടെ കൈയിൽ ഇന്നു കാശുണ്ട്. കാശുകൊടുത്താൽ കള്ളച്ചാരായവും മയക്കുമരുന്നുകളും സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളും എവിടെയും ഇഷ്ടംപോലെ കിട്ടും. ഇതെല്ലാം ചേർന്ന് കേരളത്തിൽ മനോരോഗികളുടെ എണ്ണം ആണ്ടോടാണ്ടു പെരുക്കിക്കൊണ്ടിരിക്കുകയാണ്. വെനെസ്വേലയിൽ സംഭവിച്ചുകഴിഞ്ഞതുപോലെ, ചൂതുകളിയുടെ ഒരു പൊട്ടിത്തെറി കേരളത്തിലും ഉണ്ടാവുന്നതിനു സാഹചര്യങ്ങൾ തികച്ചും അനുകൂലമായിരിക്കുന്നു.

സാമൂഹ്യസേവന സംഘടനകളുടെയും മനശ്ശാസ്ത്രവിദഗ്ദ്ധരുടെയും ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞുകാണാൻ ആഗ്രഹിക്കുന്നു.

ലോട്ടറിയെ ഒരു പൊതുജനാരോഗ്യപ്രശ്നമായി കാണാൻ നിങ്ങൾ തയ്യാറുണ്ടോ?

(27 ജൂലൈ, 1986)